



# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

എർത്ത് പഞ്ചായത്ത്

വാർഡ് 11, ചാത്തന്നൂപുഴ

പറക്കോട് ബ്ലോക്ക്,

പത്തനംതിട്ട ജില്ല

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം(MGNSASK)

രണ്ടാം നില cwc ബിൽഡിംഗ്

എൽഎംഎസ് കോമ്പൗണ്ട് പാളയം വികാസ് ഭവൻ p o

തിരുവനന്തപുരം, 695033

ഫോൺ നമ്പർ:04712724696

ഈമെയിൽ keralasocialaudit@gmail.com

**2018 ഒക്ടോബർ 1മുതൽ 2019 മാർച്ച് 31 വരെ**

**തയ്യാറാക്കിയത്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്**

**പത്തനംതിട്ട ജില്ല ,**

**പറക്കോട് ബ്ലോക്ക് ടീം**

## വാർഡിനെക്കുറിച്ച്

ജില്ല : പത്തനംതിട്ട

ബ്ലോക്ക് :പറക്കോട്

പഞ്ചായത്ത് :ഏറത്ത്

വാർഡ്: 11 ചാത്തന്നൂപുഴ

ജനസംഖ്യ :1712

സ്ത്രീകൾ: 862

പുരുഷന്മാർ :850

ആകെ വീടുകൾ: 452

എസ് സി കുടുംബങ്ങൾ :152

എപിഎൽ കുടുംബങ്ങൾ: 347

ബിപിഎൽ കുടുംബങ്ങൾ: 105

അയൽക്കൂട്ടങ്ങൾ :12

എസ് സി കോളനി: 1

അങ്കണവാടി :1

പൊതുകിണർ :1

അതിരുകൾ

കിഴക്ക് : ചെറുകുന്നിൽപ്പുഴ

പടിഞ്ഞാറ്: മാഠശ്ശേരി പടി

തെക്ക്: ബദാം മുക്ക്

വടക്ക് : പള്ളിമുക്ക് ചൂരക്കോട്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വാർഡിലെ ആകെയുള്ള തൊഴിൽ കാർഡുകൾ:232

സജീവ തൊഴിലാളികൾ:86

നൂറുദിനം പൂർത്തീകരിച്ചവർ:43

## ആമുഖം

അവിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പു നൽകുന്നതോടൊപ്പം; ഉത്പാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളും ഉണ്ട്. ഈ പദ്ധതിയിൽ, ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ, സാമൂഹിക ഓഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽനോട്ടത്തിലും തദ്ദേശസ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്തം എന്നീ കാര്യങ്ങളാൽ ജനകീയമായ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൗലികാവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പു നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും, പൊതുജനങ്ങളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

## രീതിശാസ്ത്രം

- 11ആം വാർഡിൽ സോഷ്യൽ ഓഡിറ്റ് കാലയളവിൽ പൂർത്തിയാക്കിയ പ്രവർത്തി ഫയലുകളും, 7 രജിസ്റ്ററുകളും പരിശോധിച്ചു.
- ഫയൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വില്ലേജ് റിസോഴ്സ് പേഴ്സൺ പരിശോധിച്ച ഫയൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തിയുടെ അളവുകൾ എടുക്കുകയും ചെയ്തു.
- തൊഴിലാളികളുടെ തൊഴിൽ കാർഡ് ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിക്കുകയും ഗുണഭോക്താക്കളുടെ പറമ്പുകളിൽ നടത്തിയ പ്രവർത്തികളുടെ ഗുണമേന്മയെ കുറിച്ച് ഗുണഭോക്താക്കളോട് ചോദിച്ചു മനസ്സിലാക്കി.
- ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി.

## ഓഡിറ്റിംഗിന് തിരഞ്ഞെടുത്ത പ്രവര്‍ത്തികള്‍

| ക്രമനമ്പര്‍ | പ്രവൃത്തിയുടെ പേര് | പ്രവര്‍ത്തിയുടെ കോഡ് |
|---|---|---|
| 1 | മണ്ണ് കയ്യാലനിര്‍മ്മാണം | LD/323437 |
| 2 | കല്ല് കയ്യാല | IF/351102 |
| 3 | തട്ടു തിരിക്കല്‍ | LD/333812 |
| 4 | കിണര്‍  നിര്‍മാണം | :IF/342647 |

## പഞ്ചായത്ത് സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. **തൊഴിൽൽക്കാനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ**

തൊഴിൽ കാർഡിനുള്ള കുടുംബരജിസ്റ്ററിൽ പേരും വിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

2. **പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ**

ഒരു പ്രവർത്തിയുടെ എല്ലാ വിശദാംശങ്ങളും എഴുതി ചേർക്കുന്നു. എന്നാൽ പ്രവർത്തി അവസാനിച്ച ദിവസം കാണിച്ചിട്ടില്ല.

3. **സ്ഥിര ആസ്തിരജിസ്റ്റർ**

ഒക്ടോബർ മുതൽ മാർച്ച് വരെ സോഷ്യൽ ഓഡിറ്റ് നടത്തിയ കാലയളവിൽ സ്ഥിരം ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ ഒന്നും തന്നെ ഈ വാർഡിൽ ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. **ഗ്രാമസഭാ രജിസ്റ്റർ**

ഈ വാർഡിൽ തൊഴിലുറപ്പ് ലൂടെ ഏറ്റെടുക്കാവുന്ന പ്രവർത്തിയെ പറ്റി നടന്ന ഗ്രാമസഭയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് ആയിരുന്നു.

5. **തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുക്കുന്നത് സംബന്ധിച്ച രജിസ്റ്റർ**

ആളുകളുടെ ഡിമാൻഡ് മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ.

6. **പരാതി രജിസ്റ്റർ**

നാളിതുവരെ ഒരു പരാതിയും രജിസ്റ്റർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

7. **സാധന രജിസ്റ്റർ**

സാധന രജിസ്റ്റർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനെ കുറിച്ച് കാണിച്ചിരിക്കുന്നു.

| | |
|---|---|
| കവർപജേ് | ഒരു കവർ പജേിൽ ഉണ്ടായിരിക്കണേ്ട പ്രധാന വസ്തുത എല്ലാം തന്നെ ഉണ്ട്. |
| ചക്കെ് ലിസ്റ്റ് ഓഫ് ഡോക്യുമന്റെ്സ് | പരിശോധിച്ച  പ്രവർത്തി ഫയലുകളിൽ ചക്കെ്ലിസ്റ്റ് കാണാൻ സാധിച്ചു എന്നാൽ ഒന്നിനും പജേ് നമ്പർ നൽകിയിട്ടില്ല. |
| വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് എല്ലാ ഫയലിലും ഉണ്ട് |
| വിശദമായ സാങ്കതേിക എസ്റ്റിമറ്റേിന്റെ  പകർപ്പ് | വിശദമായ സാങ്കതേിക എസ്റ്റിമറ്റേിന്റെ പകർപ്പ് പരിശോധിച്ച് പ്രവർത്തി ഫയലിലും കാണുവാൻ സാധിച്ചു സക്യെൂറിൽ നിന്നും ലഭിച്ച കോപ്പിയായിരുന്നു ഫയലിൽ സൂക്ഷിച്ചിരുന്നത്. ഇതിൽ സീൽ, ഒപ്പ്, തീയതി, എന്നിവ രഖേപ്പടെുത്തിയിട്ടില്ല . എസ്റ്റിമറ്റേ് കവർപജേ്, പ്രോജക്ട് റിപ്പോർട്ട് അഥവാ എസ്റ്റിമറ്റേ് റിപ്പോർട്ട് ഉണ്ട് . എസ്റ്റിമറ്റേിൽ ഡ്രോയിങ് ഡിസനൈ് സർവ്വ ഡറ്റോ എന്നിവ ഉണ്ട്. |
| ജനകീയ എസ്റ്റിമറ്റേ് | ഫയലുകളിൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമറ്റേ് കാണാൻ സാധിച്ചില്ല. |
| സാങ്കതേിക അനുമതിയുടെ പകർപ്പ് | സാങ്കതേിക അനുമതിയിൽ സാങ്കതേിക വിദഗ്ധന്റെ  സീൽ തീയതിയോട് കൂടിയ ഒപ്പ് എന്നിവയില്ലായിരുന്നു. പഞ്ചായത്ത് ഓവർസിയർ ടക്നെിക്കൽ കമ്മിറ്റി അംഗം, എൽ എസ് ജി ഡി. എൻജിനീയർ, മറ്റ് ടക്നെിക്കൽ |

| | |
|---|---|
| | അംഗങ്ങൾ എന്നിവരുടെ വിവരവും ഉണ്ട്. |
| ഭരണാനുമതി | ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ ഫയലിലും ഭരണാനുമതിയുടെ പകർപ്പ് ഉണ്ട്. |
| സംയോജിത പദ്ധതി | പരിശോധിച്ച് പ്രവർത്തികൾ സംയോജിത പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നില്ല. |
| തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ | തൊഴിലാളികൾ ഗ്രൂപ്പ് ആയിട്ടാണ് തൊഴിലിന് അപേക്ഷിച്ചിരിക്കുന്നത്, കൂടാതെ വ്യക്തിഗത അപേക്ഷകളും കാണാൻ കഴിഞ്ഞു. അപേക്ഷയിൽ തൊഴിൽ കാർഡ് ഉടമയുടെ പേര്, കാർഡ് നമ്പർ, ഒപ്പ് മുതലായവ കണ്ടു. |
| ഇ -മസ്ട്രോളിൽ | പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്ററോൾ കൾപ്രവൃത്തി ഫയലിലും കാണുവാൻ സാധിച്ചു. ആയുധ വാടകയുടെ  ഡീറ്റെയിൽസ് കാണുവാൻ സാധിച്ചു, തൊഴിലാളികളുടെ അറ്റൻഡൻസ്,  പേര്, കാർഡ്നമ്പർ, വേതനം,  മുതലായവ കൃത്യമായിരുന്നു.<br>**1.LD/333812 (തട്ട് തിരിക്കൽ)**<br>Muster roll number 16911<br>011/86- ഓമന ആയുധ വാടക ആകെത്തുക എന്നിവയിൽ തിരുത്തലുകൾ ഉണ്ട്.<br>• **മസ്ട്രോൾ നമ്പർ: 18249**<br>(011/124)- ശശികല, (011/140)- ശാന്ത എന്നവരുടെ ഒപ്പ് തിരുത്തിയിട്ടുണ്ട്,(011/24) മറിയാമ്മ ഒപ്പ് മാറി ചെയ്തു അത് തിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| | **2.IF/342647കിണർ നിർമ്മാണം**<br>6 മസ്ട്രോൾ ഉണ്ട്.<br>**3.IF/351102, കല്ലു കയ്യാല നിർമ്മാണം**<br>**( സുജഗോപി, ലക്ഷ്മി നിവാസ്)**<br>**8 മസ്ട്രോൾ** ഉണ്ട്.<br>• **മസ്ട്രോൾ നമ്പർ:12419(** വിദഗ്ധ -അവിദഗ്ധ തൊഴിലാളികൾ) മേറ്റ് പേര്,മേറ്റ് ഒപ്പ്, ജൂനിയർ എൻജിനീയർ ഒപ്പ്എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br>• ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സീൽ രേഖപ്പെടുത്തിയിട്ടില്ല.<br>• എല്ലാം മസ്ട്രോൾലും ഹാജർ പരിശോധിച്ച വ്യക്തിയുടെ, ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.<br>• 8 മസ്ട്രോൾലുംമെഷർമെന്റ് ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| മെഷർമെന്റ് ബുക്ക് | ഫയലുകളിൽ എല്ലാംതന്നെ എം ബുക്ക് ഉണ്ട് . അതിൽ തിരുത്തലുകൾ ഒന്നും തന്നെ ഇല്ല. |
| സാധനസാമഗ്രികളെക്കുറിച്ചു ള്ള വിവരങ്ങൾ | ഫയലുകൾ നോക്കിയതിൽ 1 വർക്കിന്സാധന സാമഗ്രികളെക്കുറിച്ചു ള്ള വിവരങ്ങൾ ഉണ്ട് . രണ്ടും കനാൽ നവീകരണം ആണ്. |

| | |
|---|---|
| വജേ് ലിസ്റ്റ് | ഫയലുകൾ നോക്കിയതിൽ വജേ് ലിസ്റ്റ് പരിശോധിച്ചപ്പോൾ MIS ൽ നിന്നും എടുത്ത വജേ് ലിസ്റ്റ് പകർപ്പ് ഉണ്ട് . |
| ഫണ്ട് ട്രാൻസ്ഫർ ഓർഡർ | ഫയൽ പരിശോധനയിൽ എല്ലാം തന്നെ ഫണ്ട് ട്രാൻസ്ഫർ ഓർഡർഉണ്ട് . |
| റോയൽറ്റി | വ്യക്തിഗത ഗുണഭോക്താക്കളുടെ കരം അടച്ച രസീത് പകർപ്പ് പ്രവർത്തി ഫയലിലും സൂക്ഷിച്ചിട്ടുണ്ട്. |
| മൂന്ന് ഘട്ട ഫോട്ടോഗ്രാഫ് | പരിശോധിച്ച് പ്രവർത്തി ഫയലിൽ 3ഘട്ട ഫോട്ടോഗ്രാഫുകൾ സൂക്ഷിച്ചിട്ടുണ്ട്. |
| പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു. ഒപ്പും സീലും രഖേപ്പടുെത്തിയിട്ടുണ്ട്.. |
| mustroll മൂവ്മന്റെ് സ്ലിപ്പ്/ ഫയൽ ട്രാക്കിംഗ് | ഫയൽ പരിശോധനയിൽ മസ്റ്റ് റോൾ മൂവ്മന്റെ് സ്ലിപ്പ്കാണുവാൻ സാധിച്ചു. |
| ജിയോ ടാഗ് ഫോട്ടോഗ്രാഫുകൾ | പരിശോധിച്ച് പ്രവർത്തി ഫയലുകളിൽ ജിയോ ടാഗ് ഫോട്ടോഗ്രാഫ് കാണുവാൻ സാധിച്ചില്ല. |
| സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | പ്രവൃത്തിയുമായി ബന്ധപ്പട്ടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രവർത്തി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. |

| ക്രമ നമ്പർ | പ്രവർത്തി യുടെ പേര് | കോഡ് | ഉപഭോക്താവ് പേര് | പരപ്പളവ് (m) | ആഴം (m) | വിസ്തീർണ്ണം (m3) |
|---|---|---|---|---|---|---|
| 1 | കിണർ നിർമ്മാണം | IF/342647 | ഉമ, ഊരാളി ശ്ശേരിവടക്കതിൽ | 0.8 | 1.4 | 3.516 |

m- ബുക്ക് പ്രകാരമുള്ള തുക:7460ഫീൽഡ് പരിശോധനയിൽ നിന്നും ലഭിച്ച തുക = 7460

**ബാധ്യത :00000**

**കല്ല് കയ്യാല**

| ക്രമ നമ്പർ | ഗുണ ഭോക്തവിന്റെ പേര് | നീളം | പരപ്പളവ് | ഉയരം | വിസ്തീർണ്ണം (m3) |
|---|---|---|---|---|---|
| 1 | സുജാഗോപി | 24<br>24 | .88<br>.69 | .6<br>1.99 | 12.006<br>32.9544 |

ആകെ വിസ്തീർണ്ണം = 44.964m3

ഫീൽഡ് പരിശോധനയിൽ നിന്ന്

=139207.68

m- ബുക്ക് പ്രകാരമുള്ള തുക=139207.68

**ബാധ്യത=00000**

**LD/323437**

**മണ്ണ് കയ്യാല**

| ഗുണഭോക്താവിന്റെ പേര് | നീളം | പരപ്പളവ് | ആഴം | വിസ്തീർണ്ണം |
|---|---|---|---|---|
| ബാലകൃഷ്ണ പിള്ള | 85 | .49 | 1.1 | 45.815 |
| ഉഷാകുമാരി | 80 | .49 | 1.1 | 43.12 |
| ശാന്തിനി | 100 | .52 | 1.1 | 57.75 |
| ശാന്തമ്മ | 75 | .52 | 1.1 | 42.9 |
| ഗോപാലകൃഷ്ണപിള്ള | 250 | .51 | 1.1 | 137.5 |
| സുമംഗളാദേവി | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. |
| അജിത്കുമാരി | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. |
| മണിയമ്മ | 200 | 0.52 | 1.1 | 114.4 |
| അമ്പിളി | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു |

| | | | | |
|---|---|---|---|---|
| | പോയി. | പോയി. | പോയി. | പോയി. |
| ശശിധരൻ നായർ | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. | കഴിഞ്ഞ പ്രളയത്തിൽ കയ്യാല ഇടിഞ്ഞു പോയി. |
| | | | | 441.485 |

ഫീഡ് പരിശോധനയിൽ നിന്ന് ലഭിച്ച വിസ്തീർണ്ണം =441.485

കഴിഞ്ഞ മഴയിൽ ഇടിഞ്ഞ കയ്യാല  വിസ്തീർണ്ണം=(496.64+441.485)=983.125

m- ബുക്ക് പ്രകാരമുള്ള തുക=179985.7254

ഫീൽഡ് പരിശോധനയിൽ നിന്ന് ലഭിച്ച തുക      =185702.48125

**ബാധ്യതയില്ല**

**ഫയൽ :LD/333812 തട്ട് തിരിക്കൽ**

| | | | | |
|---|---|---|---|---|
| രാമചന്ദ്രൻ പിള്ള | 510 | 1 | 0.5 | 255 |
| വസന്ത കുമാരി | 250 | 1 | 0.5 | 125 |
| പത്മിനി | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്നതി നാൽഅളക്കൻ കഴിയില്ല. | കാടു പിടീച്ചു കിടക്കുനതിനാ ൽ അളക്കൻ കഴിയില്ല |
| ഭാർഗവി | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്നതി നാൽഅളക്കൻ കഴിയില്ല. | കാടു പിടീച്ചു കിടക്കുനതിനാ ൽ അളക്കൻ കഴിയില്ല |
| ഡാനിയൽ തോമസ് | 300 | 1 | 0.5 | 150 |
| കെ ഓ തോമസ് | 450 | 1 | 0.5 | 225 |
| സുഭദ്ര | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. |

| | | | | |
|---|---|---|---|---|
| ഭവാനി | 150 | 1 | 0.5 | 75 |
| തോമസ് | കാടുപിടിച്ചു കിടക്കുന്നതിനാൽഅളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. |
| സുരഷേ് ബാബു | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. | കാടു പിടിച്ചു കിടക്കുന്ന തിനാൽ അളക്കൻ കഴിയില്ല. |

ആകെ വിസ്തീർണ്ണം= 830

കാടുപിടിച്ചു കിടക്കുന്നതിനാൽ അളക്കാൻ കഴിയാഞ്ഞത്=907m3

ഫീൽഡ് പ്രകാരമുള്ള തുക = 154888.29

m-ബുക്ക് പ്രകാരമുള്ള തുക=134869.62

**ബാധ്യതയില്ല= 0000**

പതിനൊന്നാം വാർഡിൽ 4 ഫയൽ പരിശോധിച്ചപ്പോൾ 000 പൊതുപണം നഷ്ടമായെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

## .പ്രധാന കണ്ടത്തെലുകൾ

1. പ്രദശേത്തെ വീടുകളിൽ സന്ദർശിച്ചപ്പോൾ തൊഴിലുറപ്പ് നെ കുറിച്ച് അറിവുണ്ടായിരുന്നു എങ്കിലും അവരുടെ വീടുകളിൽ തൊഴിലുറപ്പ് വഴി ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ഉണ്ട് എന്ന് അറിയില്ലായിരുന്നു.

2. മെറ്റീരിയൽ വർക്കുകൾ കുറവായിരുന്നു.

3. തൊഴിലാളികൾക്ക് അവരുടെ അവകാശത്തെ കുറിച്ച് വളരെ പരിമിതമായ അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

4. 260 തരം പ്രവർത്തികൾ ഉണ്ട് എങ്കിലും അതിൽ വളരെ കുറച്ച് പ്രവർത്തികളെ കുറിച്ച് മാത്രമേ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അറിവ് ഉണ്ടായിരുന്നുള്ളൂ.

5. ഭൂരിഭാഗം തൊഴിലാളികളും തൊഴിലുറപ്പുപദ്ധതി അവരുടെ അവകാശമായിട്ടല്ല കരുതിയത്. മേറ്റും പഞ്ചായത്ത് മെമ്പറും ചേർന്ന് കണ്ടത്തെി തന്ന തൊഴിൽ ആണന്നൊണ് കരുതിയിരുന്നത്. കൂടാതെ ഇത് പഞ്ചായത്തിന്റെ ആനുകൂല്യം ആണന്നെ് ആണ് ധരിച്ചിരുന്നത്.

6. തൊഴിലുറപ്പ് AEപഞ്ചായത്ത് മെമ്പർ എന്നിവർ എല്ലാ പ്രോജക്ട് മീറ്റിംഗിലും പങ്കെടുത്തതായി കണ്ടത്തെി.

7.കൂടുതലായും എപിഎൽ കുടുംബങ്ങൾക്കാണ് തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ചെയ്ത് നൽകിയത്.

.

**ഫീൽഡ് സന്ദർശനത്തിൽ കണ്ടെത്തിയത്**

എസ്റ്റിമേറ്റ് പ്രകാരം 4 പ്രവർത്തികളുടെ ഫയലും പ്രവർത്തി സ്ഥലവും പരിശോധിക്കുക ഉണ്ടായി.

- ഒരു മൺ കയ്യാല,  ഒരു കല്ല് കയ്യാല, ഒരു തട്ട് തിരിക്കൽ, ഒരു കിണർ നിർമ്മാണം എന്നിവയായിരുന്നു പ്രവർത്തികൾ.
- എസ്റ്റിമേറ്റിൽ  പറഞ്ഞിട്ടുള്ള എല്ലാ ഉപഭോക്താക്കളുടെ പ്രവർത്തികളും ചെയ്തതായി കാണാൻ സാധിച്ചു.
- അളക്കാൻ പോലും കഴിയാത്ത തരത്തിൽ ഉള്ള കയ്യാലകളും കൂട്ടത്തിൽ ഉണ്ടായിരുന്നു.

**വാർഡ് നടത്താവുന്ന പ്രവർത്തികൾ**

- കമ്പോസ്റ്റ് കുഴികൾ നിർമ്മാണം
- തരിശുഭൂമിയിൽ വനവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
- റോഡ് സൈഡ് സംരക്ഷണത്തിനായി ഷെൽട്ടർ ബെൽറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കൽ
- മൺ റോഡ് (റിപ്പയർ ആൻഡ് മയിന്റനൻസ്)
- തുറന്ന കിണറുകളുടെ പരിപോഷണം
- പാർശ്വഭിത്തി കൾ നിർമ്മിക്കൽ
- വാട്ടർ അബ്സോർപ്ഷൻ

***<u>നിർദ്ദേശങ്ങൾ</u>***

**തൊഴിലാളികൾക്ക്**:

1.തൊഴിലാളികൾ കൃത്യമായി അവകാശങ്ങൾ മനസ്സിലാക്കുകയും അതുവഴി അവകാശങ്ങൾ നേടിയെടുക്കുകയും വേണം.

2. തൊഴിൽ സംബന്ധമായ ഏത് രേഖകൾ നൽകുമ്പോഴും ബന്ധപ്പെട്ട അധികാരികളിൽ നിന്ന് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.

3. തൊഴിൽ ഗ്രൂപ്പായി കണ്ടെത്തി അത് ചെയ്യുവാൻ പഞ്ചായത്തിൽ തൊഴിൽ അപേക്ഷ നൽകുന്നത് വഴി 100 ദിവസത്തെ തൊഴിലുറപ്പ് ആക്കാൻ ശ്രമിക്കുക.

4. ജോലി സമയത്തിൽ കൃത്യത പാലിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടുകയും തൊഴിൽ കാർഡ് നൽകി കൃത്യമായി പൂരിപ്പിച്ച ശേഷം തിരികെ വാങ്ങേണ്ടതാണ്.

5. ഗ്രാമസഭകളിൽ പങ്കെടുത്ത നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കേണ്ടതാണ്.

**<u>B)മേറ്റ്മാർക്ക്</u>**

1. സൈറ്റ് ഡയറി മസ്റ്റർ റോൾ തൊഴിൽ കാർഡ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക, വെട്ടിതിരുത്തലുകൾ ഉണ്ടാകാൻ പാടില്ല.

2. പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക.

3. തൊഴിൽ കാർഡുകൾ പൂരിപ്പിച്ചശേഷം തൊഴിലാളികൾക്ക് നിർബന്ധമായും കാർഡുകൾ തിരികെ നൽകുക.

4. ദാഹജലം തണൽ മരുന്നുകൾ ഇവ പണിസ്ഥലത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തുക.

5. സൈറ്റ് ഡയറി കൃത്യമായി പൂരിപ്പിക്കുന്ന തോടൊപ്പം മോണിറ്ററിഗ്ഗിനു എത്തുന്നവരുടെ നിർദ്ദേശങ്ങളും ഒപ്പം കൃത്യമായി രേഖപ്പെടുത്തുക.

6. മറ്റു തൊഴിലാളികൾക്ക് മേറ്റ് സ്ഥാനം ഏറ്റെടുക്കുന്നതിന് സഹായിക്കുക.

**<u>C) ഉദ്യോഗസ്ഥർക്ക്</u>**

1. തൊഴിൽകാർഡ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് സൗജന്യമായി നൽകുന്നു എന്ന് ഉറപ്പാക്കുക.

2. പ്രവർത്തി സ്ഥലം പരിശോധിച്ച് പ്രവർത്തി ആവശ്യമെങ്കിൽ അർഹമായ വർക്കിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുക.

3. പദ്ധതിയുടെ പുരോഗതി കൃത്യമായി മോണിററിംഗ് ചെയ്ത നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

4. ഫയലിൽ ഉൾപ്പെടുന്ന എല്ലാ രേഖകളിലും ചുമതല ഉള്ള ഉദ്യോഗസ്ഥരുടെ പേര് ഒപ്പ് സീല് തീയതി ഇവ കൃത്യമായി രേഖപ്പെടുത്തണം.

5. ജനകീയ എസ്ററിമേററ് നിർബന്ധമായും ഉണ്ടാക്കണം.

6. ആനുവൽ മാസ്ററർ സർക്കുലറിൽ പരാമർശിച്ച രീതിയിൽ പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട22 രേഖകൾകൃത്യമായി സൂക്ഷിക്കണം.

7. പ്രവർത്തി ആരംഭ മീററിംഗിൽ പ്രവർത്തിയെ കുറിച്ച് കൃത്യമായി തൊഴിലാളികളെ പറഞ്ഞു

മനസ്സിലാക്കേണ്ടതാണ്.

8. ലേബർ ബഡ്ജററ് വാർഷിക കർമ്മ പദ്ധതി പ്രോജക്ട് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പങ്ക് ഉറപ്പിക്കേണ്ടത് ആണ്.

**<u>D) ഗ്രാമ പഞ്ചായത്തിനോട്</u>**

1. കൃത്യമായി നഗരസഭ സോഷ്യൽ ഓഡിററ് ഗ്രാമസഭ നടത്തുക.

2. ഇപ്പോഴുള്ള വിജിലൻസ് മോണിററിംഗ് കമ്മിററി നിങ്ങളെ യഥാസമയം മാററി സാമൂഹ്യ വിശ്വാസം സേവന മനസ്ഥിതിയുള്ള അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ കമ്മിററി രൂപീകരിക്കുക.

3. സ്ഥിര  ആസ്തിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം.

4. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.

5. തൊഴിലുപകരണങ്ങൾ ഗുണമേന്മയുള്ളതും സ്ത്രീ സൗഹൃദവും ആണെന്ന് ഉറപ്പാക്കുക.

6. തുക വിനിയോഗിക്കുന്നതിന് ആപേക്ഷികമായ ആസ്തികൾ ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തുക.

## നീരീക്ഷണ പ്രശ്നപരിഹാര സംവിധങ്ങൾ

**പരാതി പരിഹാരം**

സംയബന്ധിതമായ പ്രശ്നപരിഹാരം എന്നത് മഹാത്മാഗാന്ധി ദശേിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സക്ഷെൻ 19 പ്രകോരം തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധോന അവകാശങ്ങളിൽ ഒന്നാണ്.പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതു പരാതിയിലും പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിച്ചാൽ പരിഹാരം നൽകണമന്നൊണ് തൊഴിലുറപ്പു നിയമം സക്ഷെൻ 19 നിയമം അനുശാസിക്കുന്നത് പരാതി എഴുതിയോ ഓൺലൈൻ ആയോ കൊടുക്കാവുന്നതാണ്.ലഭിച്ച പരാതികൾ എഴുതി സൂക്ഷിക്കുന്നതിയായി ഒരു പരാതി റജിസ്ററും പഞ്ചായത്തിൽ സൂക്ഷിക്കണേ്ടതാണ്.

സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ പരാതി രജിസ്റർ പരിശോധിച്ചതിൽ ഇതുവരെയും ഒരു പരാതിയും രഖേപ്പടുത്തിയതായി കണ്ടില്ല. പഞ്ചായത്തിൽ ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ ഉടനെ പരാതി റജിസ്ററിൽ എഴുതണേ്ടതും അഞ്ചു ദിവസത്തിനുള്ളിൽ പരാതിയിൽമേൽ ഉള്ള നടപടി സ്വീകരിക്കുകയയും ഏഴു ദിവസത്തിനുള്ളിൽ പരാതിക്കാരന് മറുപടി ലഭിക്കണേ്ടതുമാണ് .ഓരോ പതിനാലു ദിവസം കൂടുമ്പോഴും ബി ആർ പി പഞ്ചായത്തുകളിൽ എത്തി പരാതി സംബന്ധിച്ച രഖേകൾ പരിശോധിക്കണേ്ടതാണ്.

**നിരീക്ഷണ /പ്രശ്ന പരിഹാര സംവിധാനങ്ങൾ**

**പരാതി പരിഹാരം**

- സമയ ബന്ധിതമായ പ്രശ്ന പരിഹാരം എന്നത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സെക്ഷൻ 19 പ്രകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധാന അവകാശങ്ങളിൽ ഒന്നാണ്.
- പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്ത് പരാതിയും പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിച്ചാൽ പരിഹാരം നൽകണമെന്നാണ് തൊഴിലുറപ്പ് നിയമം സെക്ഷൻ 19 അനുശാസിക്കുന്നത്. പരാതി എഴുതിയോ ഓൺലൈൻ ആയോ കൊടുക്കാവുന്നതാണ്.
- ലഭിച്ച പരാതി എഴുതി സൂക്ഷിക്കുന്നതിനായി ഒരു പരാതി രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആകുന്നു.
- സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ഒരു പരാതിയും രജിസ്റ്റർ ചെയ്തതായി കാണാൻ കഴിഞ്ഞില്ല.
- പഞ്ചായത്തിൽ ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ ഉടനെ അത് പരാതി രജിസ്റ്ററിൽ എഴുതേണ്ടതും 5 ദിവസത്തിനുള്ളിൽ പരാതിയിന്മേലുള്ള നടപടി സ്വീകരിക്കുകയും 7 ദിവസത്തിനുള്ളിൽ പരാതിക്കാരന് മറുപടി ലഭിക്കേണ്ടതും ആണ്.
- ഓരോ പതിനാലു ദിവസം കൂടുമ്പോഴും ബി ആർ പി പഞ്ചായത്തുകളിൽ എത്തി പരാതി സംബന്ധിച്ച രേഖകൾ പരിശോധിക്കേണ്ടതും ആണ്.
- ടോൾ ഫ്രീ നമ്പറുകൾ നിലവിൽ ഉണ്ടെങ്കിലും തൊഴിലാളികൾ അതിനെ കുറിച്ച് അറിവുള്ളവർ അല്ല.ബന്ധപ്പെട്ട അധികാരികൾ അവർക്ക് അതിനെക്കുറിച്ച് ബോധ്യപ്പെടുത്തണം എന്ന് ഓർമിപ്പിക്കുന്നു.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രധാനപ്പെട്ട വിഭാഗമാണ്.

- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി. 2018 2019 മാസ്റ്റർ സർക്കുലർ

പ്രകാരം ഈ കമ്മറ്റിയിൽ ഒരു വാർഡിൽ നിന്നുള്ള വിവിധ വിഭാഗങ്ങളിലെ പ്രതിനിധികളെ ആണ് ഉൾപ്പടെുത്തണ്ടേത്. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റിയിലെ അംഗങ്ങളുടെ കാലാവധി 6 മാസമാണ്.

- ഇവർ തൊഴിൽ നടക്കുന്ന പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും വണ്ടേുന്ന നിർദ്ദശേങ്ങൾ നൽകുകയും ചയ്യെണ്ടേതാണ്. പൂർത്തീകരണ സമയത്ത് ചയ്തെ പ്രവർത്തികളുടെ ഗുണമന്മേ വിലയിരുത്താവുന്നതും അത് സൈറ്റ് ഡയറിയിൽ രഖേപ്പടെുത്താവുന്നതും അതോടൊപ്പം അത് പഞ്ചായത്തിൽ രഖോമൂലം അറിയിക്കാവുന്നതും ആണ്.
- ഇത് പ്രവർത്തിയുടെ വർക്ക് ഫയലിന്റെ ഭാഗമാക്കണ്ടേതും ആണ്.
- തഴെിലാളികളുമായി സംവദിച്ചപ്പോൾ മനസിലായത് അവരുടെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി അംഗങ്ങളെ സംബന്ധിച്ചു കുറച്ചു പര്േക്ക് മാത്രമേ അറിയാവൂ എന്നതാണ്. മറ്റു ചിലർക്ക് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മറ്റി എന്താണെന്നു കൂടി അറിയുകയേ ഇല്ല. ഇതിൽ നിന്നും ഇവർ ഫീൽഡിൽ സന്ദർശനം നടത്താറില്ല എന്ന് മനസിലാക്കുവാൻ സാധിച്ചു.
- സോഷ്യൽ ഓഡിറ്റ് അംഗങ്ങളുടെ പരിശോധനയിൽ വിജിലൻസ് ആൻഡ് മോണിറ്ററിങ് റിപ്പോർട്ട് കാണുവാൻ സാധിച്ചില്ല. അതിൽ നിന്നും വിഎംസി അംഗങ്ങൾ തൊഴിൽ നടക്കുന്ന സ്ഥലങ്ങളിൽ പരിശോധന നടത്തിയിട്ടില്ല എന്ന് മനസിലാക്കുവാൻ സാധിച്ചു.

**അവകാശാധിഷ്ഠിത നിഷധേങ്ങൾ**

**തൊഴിൽ കാർഡ്**

- എ എം സി 2018 2019 പാര1 ഷഡെ്യൂൾ 2 പ്രകാരം ഗ്രാമ പ്രദശേത്ത് താമസക്കാരായ കുടുംബത്തിലെ 18 വയസ്സ് തികഞ്ഞ അവിദഗ്ധ കായിക അധ്വാനത്തിൽ ഏർപ്പടെുവാൻ താല്പര്യമുള്ള ഏതൊരാൾക്കും തൊഴിൽകാർഡ് ലഭിക്കുവാനുള്ള അവകാശമുണ്ട്.
- ഈ കാർഡിനുള്ള അപക്ഷേ പഞ്ചായത്തിൽ കൊടുക്കുകയും അപക്ഷോഫോറത്തോടൊപ്പം അടിസ്ഥാന രഖേകൾ കവൈശം ഇല്ലാത്തവർ വാർഡ് മമ്പെർ യിൽ നിന്നും സാക്ഷ്യപത്രം വാങ്ങണ്ടേതാണ്.
- എ എം സി 2018 2019 pa2 ഷഡെ്യൂൾ 2 പ്രകാരം അപക്ഷേ സമർപ്പിച്ച 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശവും പ്രസ്തുത തൊഴിൽ കാർഡിൽ ഫോട്ടോ പഞ്ചായത്ത് തന്നെ സൗജന്യമായി നൽകണ്ടേതുമാണ്.
- ലഭ്യേമായ തൊഴിൽ കാർഡിൽ കൃത്യമായി വിവരങ്ങൾ രഖേപ്പടെുത്തിയിട്ടുണ്ട് എന്നും അപക്ഷേകൻ കൃത്യമായി ഉറപ്പുവരുത്തണ്ടേതാണ്.
- ഈ കാർഡിന്റെ പൂർണ്ണ അവകാശം തൊഴിൽ കാർഡ് ഉടമയ്ക്ക് മാത്രമുള്ളതും ഇത് മറ്റാരുടയേും കവൈശം വക്കൊൻ പാടില്ലാത്തതുമാണ്. എന്നാൽ തൊഴിൽ വിവരങ്ങൾ രഖേപ്പടെുത്തുവാൻ മറ്റേിനു മാത്രം തൊഴിൽ കാർഡ് കൈ മാറാവുന്നതാണ്.

- പരിശോധന നടത്തിയ എർത്ത് വാർഡ് 11ആം വാർഡിലെ വിവിധ പ്രവർത്തികളുടെ തൊഴിൽ സംബന്ധിച്ച തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പട്ടെിട്ടുണ്ട്
- പരിശോധിച്ച് തൊഴിൽ കാർഡുകളിൽ എല്ലാം ഫോട്ടോ തൊഴിലാളികൾ സ്വന്തം പണം കൊടുത്ത് സ്റ്റുഡിയോയിൽ നിന്നും എടുത്തതാണ്. തൊഴിൽ

കാർഡ് സൗജന്യമായി നൽകണ്ടേപ്പപോൾ കുറഞ്ഞത് 100 രൂപ ഓരോ തൊഴിലാളിയും തൊഴിൽ കാർഡിനായി ചിലവഴിക്കുന്നു. ഇത് അവകാശ ലംഘനമാണ്

- അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കുമന്നെിരിക്കെ രണ്ട് തൊഴിലാളികൾക്ക് തൊഴിൽകാർഡ് ലഭ്യമായിട്ടില്ല എന്ന് മനസിലാക്കുവാൻ കഴിഞ്ഞു.

**തൊഴിൽ ലഭിക്കുന്നതും ആവശ്യപെടുന്നത് സംബദ്ധിച്**

- AMC 2018-19പാരാ 6 ഷെഡ്യൂൾ പ്രകാരം തൊഴിൽ ആവശ്യംപെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാൻ ഉള്ള അവകാശം തൊഴിലാളി കൾക്ക് ഉള്ളതാണ്.
- എന്നാൽ തൊഴിലാളികൾ ഡിമാൻഡ് ഫോമുകളിൽ ഇതുവരെ അപേക്ഷ കൊടുക്കുകയോ രസീത് വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.
- തൊഴിൽ അവശ്യപെടാനുള്ള അവകാശം ഏതൊരു കാർഡ് ഉടമകൾക്കും ഉള്ളതാണ്. തൊഴിലിനു അപേക്ഷിച്ചു കഴിഞ്ഞാൽ അപേക്ഷിച്ച ദിവസം മുതൽ അടുത്ത 15 ദിവസത്തിനുള്ളിൽ തൊഴിൽ നിർവഹണ ഏജൻസി തൊഴിലിനു അപേക്ഷിച്ച വ്യക്തിക്ക് തൊഴിൽ കൊടുക്കേണ്ടതാണ്.
- 15 ദിവസം കഴിഞ്ഞാണ് തൊഴിൽ ലഭിക്കുന്നതെങ്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ലോ 7(1) പ്രകാരം അതു വരെ ഉള്ള തൊഴിലില്ലായ്മ വേതനം തൊഴിലാളിക്ക് ലഭിക്കേണ്ടതാണ്. ആദ്യ 30 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ വേതനത്തിന്റെ പകുതിയും അതിനു ശേഷം മുഴുവൻ വേതനമായി നൽകേണ്ടതാണ്. .
- ഡിമാൻഡ് ചെയ്ത് 15 ദിവസത്തിനുള്ളിൽ  തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികൾക്കു അറിയാമെങ്കിലും തൊഴിലില്ലായ്മ വേതനത്തെ കുറിച്ചും ഡിലെ കോമ്പൻസേഷനെ കുറിച്ചും വ്യക്തമായ ധാരണ ഇല്ല.

**തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശം**

തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മറ്റ് തൊഴിൽ നൽകുന്ന പദ്ധതികളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്

- ഏതൊരു തൊഴിലാളിക്കും എപ്പോൾ വേണമെങ്കിലും തൊഴിൽ നേടാൻ കഴിയും. എന്നാൽ തുടർച്ചയായി കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിൽ ആവശ്യപ്പെടണം എന്ന് മാത്രം( ഒരു കുടുംബത്തിന് 100 ദിവസം).
- 18 വയസ്സിന് ശേഷമുള്ള കുടുംബത്തിലെ ഏതൊരു അംഗത്തിനും തൊഴിൽ ചെയ്യാവുന്നതാണ്.
- തൊഴിലാളികൾക്ക് ഒറ്റക്കോ കൂട്ടമായോ തൊഴിലിന് അപേക്ഷിക്കാവുന്നതാണ്.
- ആഴ്ചയിൽ ആറ് ദിവസം തൊഴിൽ ചെയ്യുകയും ഒരു ദിവസം വിശ്രമവും ആണ് അനുവദിക്കേണ്ടത്.
- പ്രളയ ത്തോടനുബന്ധിച്ച് 50 തൊഴിൽദിനങ്ങൾ അധികമായി നൽകിയത് വഴി 100 അധികം തൊഴിൽ ലഭിച്ച 40 തൊഴിലാളി കുടുംബങ്ങളുണ്ട

**വേതനം 15 ദിവസത്തിനുള്ളിൽ**

സ്ത്രീ പുരുഷ വിത്യാസമില്ലാതെ തുല്യ ജോലിക് തുല്യ വേതനം എന്നതാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത . 15ദിവസത്തിനുള്ളിൽ ജോലിയുടെ കൂലി കിട്ടുക എന്നത് തഴിലാളികളുടെ അവകാശമാണ് . നിയമം 6(1), മിനിമം wages ആക്ട് 1948 പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സെഷൻ 3(3) പ്രകാരം ഒരു പ്രവർത്തി തുടങ്ങി 15 ദിവസത്തിനകം വേതനം ലഭിക്കുക എന്നത് ഓരോ തൊഴിലാളികളുടെയും അവകാശമാണ് . എന്നാൽ ഇതിൽ വീഴ്ച വരുത്തുകയാണെങ്കിൽ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 ലെ പാരാ 29 പ്രകാരം തൊഴിൽ ദിനത്തിൽ ഒരു ദിവസത്തിന് 5 പൈസെ നിരക്കിൽ നഷ്ടപരിഹാരം നിർബന്ധമായി നൽകേണ്ടതാണ്. FTO, വേജ് ലിസ്റ്റ്പരിശോധിച്ചത് പ്രകാരം കൃത്യസമയത്തു തന്നെ പഞ്ചായത്തിന്റേതായ കർത്തവ്യങ്ങൾ നടത്തിയെങ്കിലും 1 മാസത്തോളമായി

വേതനം ലഭിച്ചിട്ട്. എന്നാൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തെക്കുറിച്ചു അറിവുണ്ടായിരുന്നില്ല.

**പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള വരും പഞ്ചായത്തിൽ സ്ഥിരതാമസക്കാരനായആളും ആയിരിക്കണം.

2. ഗ്രാമപഞ്ചായത്തിൽ അപക്ഷേിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും.

3. കുറഞ്ഞത് 14 ദിവസത്തക്ക് തൊഴിലിന് അപക്ഷേിക്കണം.

4. അപക്ഷേ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലങ്കെിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മാ വതേനം.

5 മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി.

6. കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും പോയിന്റ് 0 5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം.

6. ആകെ തൊഴിലിന്റെ മൂന്നിലൊന്ന് സ്ത്രീകൾക്ക് കുടുംബത്തിന് പരമാവധി 100 ദിവസം.

7. അഞ്ച് കിലോമീറ്ററിനുള്ളിൽ ജോലി അല്ലങ്കെിൽ 10% അധികം കൂലി.

8. കുടിക്കുവാനുള്ള വള്ളെം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം എന്നിവ പണി ഇടങ്ങളിൽ ഉണ്ടായിരിക്കണം.

9. പരിക്കു പറ്റിയാൽ സൗജന്യചികിത്സ.

10. അപകടമരണം/ സ്ഥിര അംഗവകൈല്യ ത്തിന് നഷ്ടപരിഹാരം.

11. അഞ്ച് വയസ്സിൽ താഴയെുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം.

12. കുട്ടിക്ക് തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യചികിത്സ മരണത്തിന് എക്സ്ഗ്രഷേ്യ.

**<u>തൊഴിലുറപ്പ്  പദ്ധതിയിൽ  ഏറ്റെടുക്കാൻ പറ്റുന്ന പ്രധാന പ്രവർത്തികൾ</u>**

വിഭാഗം എ : പ്രകൃതി വിഭവ പരിപാലനാവുമായി ബന്ധപ്പെട്ട പൊതുപ്രവർത്തികൾ

1. കുടിവെള്ള ഉൾപ്പടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ, മണ്ണ് തടയണകൾ, അണകൾ, ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകമായ നിർമ്മിതികൾ
2. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപടെലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തികൾ
3. സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികളും തോടുകൾ / കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവർത്തികളും
4. ജലസേചന കുളങ്ങളുടെയും മറ്റു ജല സ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പടെയുള്ള പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണവും
5. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വെച്ച് പിടിപ്പിക്കലും വനവൽക്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാതിക്കുന്ന കുടുംബങ്ങൾക്ക് നൽകണ്ടേതാണ്.

**പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും**

- വിഭാഗം ബി : സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് ഉള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

- ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റു ജല

കൊയ്ത്തു നിർമിതികൾ എന്നിവ ഉൾപ്പടെ ഉള്ള ജലസചേനത്തിനു അവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ.

- പഴകൃഷി, പട്ടുനൂൽ കൃഷി, തോട്ടവിള കൃഷി, ഫാം ഫോറസ്റ്ററി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ.
- ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശു ഭൂമി / പാഴ്ഭൂമി വികസിപ്പിച്ചു കൃഷിക്ക് അനുയോജ്യമാക്കൽ.
- ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര /സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റു ഭവന നിർമാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം.
- മൃഗ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനു ള്ള അടിസ്ഥാന സൗകര്യങ്ങൾ ആയ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമാണവും.
- മത്സ്യ ബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങൾ ആയ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉതകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും.

**<u>വിഭാഗം സി</u>** : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പടെയുള്ള വിളവെടുപ്പിന് ശേഷം അവശ്യമായി വരുന്ന സൗകര്യങ്ങൾ ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തികളും

2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം

**<u>വിഭാഗം ഡി :</u>ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

- ഗ്രാമപഞ്ചായത്തുകൾ, വനിതാസ്വയംസഹായ സംഗങ്ങൾ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ ( സിക്ലോൺ ഷെൽട്ടർ ), അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവക്കാവിശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ / ബ്ലോക്ക് തല ക്രിമിറ്റോറിയങ്ങളുടെ നിർമാണവും.

- ദേശീയ ഭക്ഷ്യ സുരക്ഷാനിയമം 2013( 20/2013) ലെ വ്യവസ്ഥകൾ നടപ്പിലാകുന്നതിനാവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണങ്ങളുടെ നിർമാണവും.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമാണ സാമഗ്രികളുടെ ഉത്പാദനവും.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ട്ടിക്കപെട്ട ഗ്രാമീണ പൊതുആസ്തികളുടെ അറ്റകുറ്റപ്പണികളും .

- ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു പ്രവർത്തിക്കും.

- നിർദ്ദശേിക്കപ്പട്ടെ മാനദണ്ഡങ്ങൾക്ക് അനുസ്യതമായി ഖര ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജനം ഇല്ലാതാക്കുന്നതിനും വണേ്ടി സ്വാതന്ത്രമയോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചു കൊണ്ടോ വ്യക്തിഗദ കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അംഗനവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പട്ടെ പ്രവർത്തികൾ.
- ഒറ്റപട്ടെു കിടക്കുന്ന നിർദിഷ്ട ഗ്രാമീണ ഉല്പാദന കന്േദ്രങ്ങളയെും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപഗോഗിക്കാവുന്ന ഗ്രാമീണ റോഡുകളുടെ നിർമാണവും ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പടെ ഉള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾ റോഡുകളുടെയും വീഥികളുടെയും നിർമാണവും.
- കളിസ്ഥലങ്ങളുടെ നിർമാണവും.
- വള്ളെപൊക്ക നിയന്ത്രണ സംരക്ഷണ പ്രവർത്തികൾ, വള്ളെക്കട്ടെ് ഒഴിവാക്കുന്ന തിനായിട്ടുള്ള ജല നിർഗമന പ്രവർത്തികൾ, മഴ വള്ളെം കട്ടെി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ മച്ചെപ്പടുെത്തൽ, തീരപ്രദശേങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രയിനുകൾ എന്നിവ ഉൾപ്പടെ ഉള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്ത പ്രതിരോധ തയ്യാറടുെപ്പുകൾ മച്ചെപ്പടുെത്തുന്നതിനുള്ള പ്രവർത്തികളും.

**പദ്ധതിപ്രകാരം തൊഴിലാളികൾക്ക് നിഷ്കർഷിച്ചിട്ടുള്ള പത്ത് അവകാശങ്ങൾ**

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം.

2. തൊഴിൽ കാർഡിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശം.

3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ( ആദ്യത്തെ 30 ദിവസം 1/4 ഉം പിന്നീടുള്ള ദിവസങ്ങളിൽ1/2ഉം ).

4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കാനുള്ള അവകാശം.

5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം.

6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം.

7. 15 ദിവസത്തിനുള്ളിൽ വേദനം ലഭിക്കുന്നതിനുള്ള അവകാശം.

8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.

9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം.

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ

**മേറ്റ്**

1.പ്രവർത്തിയുടെ മേൽനോട്ടം

2.തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപെടുത്തുക. അളവ് രേഖപെടുത്തുവാനുള്ള മെഷർ മെന്റ് ബുക്ക് പ്രവർത്തി സ്ഥലത്ത് സൂക്ഷിക്കുക.

3. ദിവസവും തൊഴിലാളികളുടെ ഹാജർ മസ്റ്ററോളിൽ ഉറപ്പ് വരുത്തുക. പൂർത്തിയായ മസ്റ്ററോളുകൾ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ പക്കൽ എത്തിക്കുക.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർ**

1.മസ്റ്ററോൾ വിതരണത്തിന് സഹായിക്കുക. പൂർത്തിയായ മസ്റ്ററോളുകൾ മേറ്റിൽ നിന്നും സ്വീകരിച്ച് വർക്ക് ബില്ലുകൾ പൂർത്തീകരിച്ചു വേതനവിതരണത്തിന് നടപടി സ്വീകരിക്കുക. രജിസ്റ്ററുകൾ സൂക്ഷിക്കുക. തൊഴിലാളികളുടെ വേതനം ഡി. ബി. റ്റി മുഖേനേ എത്തിയെന്ന് ഉറപ്പാക്കുക.

**ഓവർസിയർ / എഞ്ചിനീയർ**

1.ഗ്രാമസഭ തീരുമാനപ്രകാരം പ്രവർത്തികൾ കണ്ടെത്തുക, പ്രാഥമിക എസ്റ്റിമേറ്റ് തയാറാക്കുക. പ്രവർത്തിയുടെ സാങ്കേതികമായ കാര്യങ്ങൾ മേറ്റ് നും തൊഴിലാളികൾക്കും വിശദമാക്കുക. പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക. ബില്ലുകൾ തയാറാക്കുവാൻ ഡി. ഇ. ഒയെ സഹായിക്കുക.

**പഞ്ചായത്ത് സെക്രട്ടറി / അസിസ്റ്റന്റ്**

1. സെക്രട്ടറി തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ടം പ്രവർത്തിയുടെ ബില്ലുകൾ യഥാസമയം അംഗീകരിക്കുക, തൊഴിലാളികളുടെ വേതനം യഥാസമയം ഡി. ബി. റ്റി മുഖാന്തരം തൊഴിലാളികളുടെ അക്കൗണ്ടിൽ എത്തിയെന്ന് ഉറപ്പാക്കുക.

**ബ്ലോക്ക് പ്രോഗ്രാം ഓഫീസർ**

1. പഞ്ചായത്തുകളെ തൊഴിലുറപ്പ് പദ്ധതിയുടെ ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയാറാക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണത്തിലും സഹായിക്കുക. ഇ-മസ്റ്റർറോൾ വിതരണം ചെയ്യുക. പഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതിയുടെ

നിർവ്വഹണ മേൽനോട്ടം വഹിക്കുകയും നിർവ്വഹണം മോണിറ്റർ ചെയ്യുക.

**തൊഴിലാളികൾക്ക് ചില കടമകൾ കൂടി നിവഹിക്കണ്ടേ ബാധ്യതയുണ്ട്**

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പ് വക്കുക.

2. തൊഴിലുറപ്പ് ഗ്രാമസഭക്കും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭക്കും കൃത്യമായി പങ്കെടുക്കുക.

3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനോ പാടില്ല.

4. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആരംഭ ഘട്ടത്തിൽ തന്നെ നിർബന്ധമായും വയ്ക്കണ്ടേതാണ്.

5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

6. ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ കണ്ടെത്തി മേറ്റിനയും പഞ്ചായത്ത് അധികൃതരയും അറിയിക്കുക.

**തൊഴിലാളികളുമായി സംവദിച്ച തിൽ നിന്നും മനസിലായത്**

- തൊഴിലാളികൾക്ക് അവസാനം ജോലി ചെയ്തതിന്റെ കൂലി കിട്ടാനുണ്ട്.
- തൊഴിൽ ഉറപ്പ് ഗ്രാമ സഫ നടത്താറുണ്ട്.
- ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ട് .
- സൈറ്റ് ലക്ക് ആവശ്യ മായ സാധനങ്ങൾക്ക്പഞ്ചായത്തിൽ അപക്ഷേ കൊടുക്കാം എന്ന് സമ്മതിച്ചു.
- തൊഴിൽ ലഭിക്കാത്ത പക്ഷം പഞ്ചായത്തിൽ അപക്ഷേ സമർപ്പിച്ചു റസീപ്റ്റ് വാങ്ങാമന്നെ് സമ്മതിച്ചു.
- അപകടം മുൻകരുതൽ ആവശ്യമായ സാധനങ്ങൾ ഹെൽത്ത് സെന്റർ മുഖനേയാണ് വാങ്ങുന്നത്.
- തൊഴിൽകാർഡിൽ പതിപ്പിച്ച ഫോട്ടോ ഓരോരുത്തരും സ്വന്തമായി ആണ് എടുത്തത്.
- 10 അവകാശങ്ങളപ്പെറ്റി ആരും പറഞ്ഞുകൊടുത്തിട്ടില്ല..
- വിഎംസി അംഗങ്ങളെ എല്ലാത്തൊഴിലാളികൾക്കും അറിയില്ല.

**നന്ദി**

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ച പത്തനംതിട്ട ഡി ആർ പിക്കും പറക്കോട് ബ്ലോക്ക് എ ഇ ക്കും ഏർത്ത് ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ, മറ്റു ഉദ്യോഗസ്ഥർ തൊഴിലുറപ്പ് തൊഴിലാളികൾ മേറ്റ് മാർ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**തയ്യാറാക്കിയത്**

**വിദ്യാലക്ഷ്മി വി**

**അരുൺ .A**

**മിൻഹിയ**

## ഏർത്ത് ഗ്രാമപഞ്ചായത്ത് വാർഡ്11 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

2019 നവംബർ ഇരുപത്തൊമ്പതാം തീയതി വെള്ളി ആഴ്ച റബ്ബർ ബോർഡിൽ കൂടിയ വാർഡ് 11 ചാത്തന്നൂർ പുഴ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ജനപ്രതിനിധികൾ എം ജി എൻ ആർ ഇ ജി എ യുടെ ഓഫീസിലുള്ളവർ തൊഴിലാളികൾ റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ ഉൾപ്പെടെ പേർ പങ്കെടുത്തു. ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

- മൂന്നുമാസമായി കിട്ടാനുള്ള വേതനം എത്രയും പെട്ടന്നെ് തന്നെ ലഭ്യമാക്കണം
- തൊഴിലുറപ്പിൽ മേറ്റിനെ തെരഞ്ഞെടുക്കുമ്പോൾ തൊഴിലാളികൾ അറിഞ്ഞു തിരഞ്ഞെടുക്കണം

ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ

- ഇനി മുതൽ അർഹതപ്പെട്ട ആളുകളെ തൊഴിലുറപ്പിന് ഗുണഭോക്താക്കൾ ആക്കുവാൻ പ്രത്യേകം ശ്രദ്ധിക്കും.
- മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായാൽ അതിന് കാരണം മേറ്റ് ഒരു

വെള്ളപപേ്പറിൽ എഴുതി നൽകും.

✍ ഡിമാൻഡ് ഫോം ഇനിമുതൽ പഞ്ചായത്തിൽ നിന്നും യാതൊരു ചിലവും ഈടാക്കാതെ ലഭ്യമാക്കും.

✍ തൊഴിൽ കാർഡിനായി അപേക്ഷിക്കുന്ന വ്യക്തികൾക്ക് പഞ്ചായത്തിൽ നിന്നും ഫോട്ടോ എടുത്ത് തുക തിരികെ നൽകും.

✍ 14 ദിവസം കൂടുമ്പോൾ മസ്റ്റ് മാറും.

✍ പുതിയ വിഎംസി അംഗങ്ങളെ തിരഞ്ഞെടുക്കും.

✍ റോസ്ഗാർ ദിവസ് ഇതുവരെ കൂടിയിട്ടില്ല. ഇനിമുതൽ ആചരിക്കുമെന്നു തീരുമാനമായി.

.

**അധ്യക്ഷൻ :**

**DRP :**

**BRP :**